ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-12

# നോഹ്

● ഇ.സി സൈമൺ മാസ്റ്റർ

**ബൈബിളിലും** ഖുർആനിലും പ്രാധാന്യപൂർവം വിവരിക്കപ്പെട്ടിട്ടുള്ള പ്രവാചകനാണ് നോഹ് എന്ന നൂഹ് നബി. മനുഷ്യന്റെ ദുഷ്ടത വർധിക്കുകയും അവന്റെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രമായി അധഃപതിക്കുകയും ചെയ്തപ്പോൾ ഭൂമിയിൽ സർവത്ര അക്രമം നടമാടി. ജനം ദുർമാർഗികളായി മാറിയ ആ കാലഘട്ടത്തിൽ അയക്കപ്പെട്ട പ്രവാചകനായിരുന്നു നോഹ്. എന്നാൽ അദ്ദേഹത്തിന്റെ പ്രബോധന പ്രവർത്തനം കൊണ്ടും ഫലമില്ലാതായപ്പോൾ സകല ജീവജാലങ്ങളെയും ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റാൻ ദൈവം തീരുമാനിച്ചു. ദൈവപ്രീതിയിൽ ജീവിച്ച നൂഹ് നബിയും ഒരു പുത്രനൊഴികെയുള്ള കുടുംബവും സദ്‌വൃത്തരായ ഏതാനും ആളുകളും മാത്രം നാശത്തിൽനിന്നൊഴിവായി.

ജീവജാലങ്ങളെ നശിപ്പിക്കാൻ നിശ്ചയിച്ച ദൈവം ഒരു കപ്പൽ നിർമിക്കാൻ നോഹയോട് നിർദേശിച്ചു. ഭൂമിയിൽ അവയുടെ വംശം നിലനിർത്തുന്നതിനുവേണ്ടി ആണും പെണ്ണുമായി എല്ലാ ജീവികളുടെയും രണ്ടെണ്ണം വീതം കപ്പലിൽ കയറ്റണം. ദൈവിക നിർദേശമനുസരിച്ച് നിർമിച്ച കപ്പലിൽ നോഹയും അദ്ദേഹത്തെ പിന്തുടർന്നു ജീവിച്ച കൊച്ചു സമൂഹവും കയറി. പക്ഷിമൃഗാദികളിൽനിന്ന് ഓരോ ജോടിയെയും കയറ്റി വാതിൽ അടച്ചു. നാൽപതു രാവും നാൽപതു പകലും തുടർച്ചയായി കനത്ത മഴ പെയ്തു. വെള്ളം പൊങ്ങി. ബൈബിൾ അത് ഇങ്ങനെ വിവരിക്കുന്നു:

“വെള്ളപ്പൊക്കം നാൽപതുനാൾ തുടർന്നു. ജലനിരപ്പ് ഉയർന്നു. പെട്ടകം (കപ്പൽ) പൊങ്ങി ഭൂമിക്കു മുകളിലായി. ഭൂമിയിൽ ജലം വർധിച്ചുകൊണ്ടേയിരുന്നു. പെട്ടകം വെള്ളത്തിനു മീതെയൊഴുകി. ജലനിരപ്പ് വളരെ ഉയർന്നു; ആകാശത്തിനു കീഴെ തലയുയർത്തിനിന്ന സകല പർവതങ്ങളും വെള്ളത്തിനടിയിലായി. പർവതങ്ങൾക്കു മുകളിൽ പതിനഞ്ചു മുഴം വരെ വെള്ളമുയർന്നു. ഭൂമുഖത്ത് ചരിക്കുന്ന എല്ലാ ജീവജാലങ്ങളും -പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളും ഇഴജന്തുക്കളും മനുഷ്യരും- ചത്തൊടുങ്ങി. കരയിൽ വസിച്ചിരുന്ന പ്രാണനുള്ളവയെല്ലാം ചത്തു. ഭൂമുഖത്തുനിന്ന് ജീവനുള്ളവയെയെല്ലാം - മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പക്ഷികളെയും - ദൈവം തുടച്ചുമാറ്റി. നോഹയും അവനോടൊപ്പം പെട്ടകത്തിലുണ്ടായിരുന്നവരും മാത്രം അവശേഷിച്ചു. വെള്ളപ്പൊക്കം നൂറ്റമ്പതു ദിവസം നീണ്ടുനിന്നു” (ഉൽപത്തി: 7:17-24).

“നോഹയെയും പെട്ടകത്തിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളെയും കന്നുകാലികളെയും ദൈവം ഓർത്തു. ഭൂമിയിൽ ദൈവം കാറ്റു വീശി; വെള്ളം ഇറങ്ങി. അഗാധങ്ങളിലെ ഉറവകൾ നിലച്ചു; ആകാശത്തിന്റെ ജാലകങ്ങൾ അടഞ്ഞു; മഴ നിലയ്ക്കുകയും ചെയ്തു. ജലം പിൻവാങ്ങിക്കൊണ്ടിരുന്നു. നൂറ്റമ്പതു ദിവസം കഴിഞ്ഞപ്പോൾ വെള്ളം വളരെ കുറഞ്ഞു. ഏഴാം മാസം പതിനേഴാം ദിവസം പെട്ടകം അറാറാത്ത് പർവതത്തിൽ ഉറച്ചു.

“പത്തു മാസത്തേക്കു വെള്ളം കുറഞ്ഞുകൊണ്ടേയിരുന്നു. പത്താം മാസം ഒന്നാം ദിവസം പർവത ശിഖരങ്ങൾ കാണാറായി. നാൽപതു ദിവസം കഴിഞ്ഞപ്പോൾ നോഹ പെട്ടകത്തിൽ താനുണ്ടാക്കിയിരുന്ന കിളിവാതിൽ തുറന്ന്, ഒരു മലങ്കാക്കയെ പുറത്തുവിട്ടു. വെള്ളം വറ്റുവോളം അത് അങ്ങുമിങ്ങും പറന്നു നടന്നു. ഭൂമിയിൽനിന്ന് വെള്ളമിറങ്ങിയോ എന്നറിയാൻ അവൻ ഒരു പ്രാവിനെയും വിട്ടു. കാലുകുത്താൻ ഇടം കാണാതെ പ്രാവ് പെട്ടകത്തിലേക്കു തിരിച്ചുവന്നു. ഭൂമുഖത്തെല്ലാം അപ്പോഴും വെള്ളമുണ്ടായിരുന്നു. കൈ നീട്ടി പ്രാവിനെ പിടിച്ച് പെട്ടകത്തിലാക്കി. ഏഴു ദിവസം കൂടി കാത്തിട്ട് വീണ്ടും അവൻ പ്രാവിനെ പെട്ടകത്തിനു പുറത്തുവിട്ടു. വൈകുന്നേരമായപ്പോൾ പ്രാവു തിരിച്ചുവന്നു. കൊത്തിയെടുത്ത ഒരു ഒലിവില അതിന്റെ ചുണ്ടിലുണ്ടായിരുന്നു. വെള്ളമിറങ്ങിയെന്ന് നോഹക്കു മനസ്സിലായി. ഏഴുനാൾ കഴിഞ്ഞ് അവൻ വീണ്ടും പ്രാവിനെ പുറത്തുവിട്ടു. അതു പിന്നെ തിരിച്ചുവന്നില്ല. നോഹയുടെ ജീവിതത്തിന്റെ അറുനൂറ്റിയൊന്നാം വർഷം ഒന്നാം മാസം ഒന്നാം ദിവസം ഭൂമുഖത്തെ വെള്ളം വറ്റിത്തീർന്നു. നോഹ പെട്ടകത്തിന്റെ മേൽക്കൂര പൊക്കി നോക്കി. ഭൂതലമെല്ലാം ഉണങ്ങിയിരുന്നു. രണ്ടാം മാസം ഇരുപത്തിയേഴാം ദിവസം ഭൂമി തീർത്തും ഉണങ്ങി.

“ദൈവം നോഹയോട് പറഞ്ഞു: ഭാര്യ, പുത്രന്മാർ, അവരുടെ ഭാര്യമാർ എന്നിവരോടുകൂടി പെട്ടകത്തിൽനിന്ന് പുറത്തിറങ്ങുക. പെട്ടകത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും എല്ലാം പുറത്തുകൊണ്ടുവരിക. സമൃദ്ധമായി പെരുകി, അവ ഭൂമിയിൽ നിറയട്ടെ. ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരുമൊത്ത് നോഹ പെട്ടകത്തിൽനിന്ന് പുറത്തുവന്നു. മൃഗങ്ങളും ഇഴജന്തുക്കളും പക്ഷികളും, ഭൂമുഖത്തു ചലിക്കുന്നവരൊക്കെയും ഇനം തിരിഞ്ഞ് പുറത്തേക്കു പോയി” (ഉൽപത്തി 8:1-19).

അതിനുശേഷം ദൈവം അവരെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞു: ‘സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ. സകല ജീവികൾക്കും - ഭൂമിയിലെ മൃഗങ്ങൾക്കും ആകാശത്തിലെ പക്ഷികൾക്കും മണ്ണിലെ ഇഴജന്തുക്കൾക്കും വെള്ളത്തിലെ മത്സ്യങ്ങൾക്കും- നിങ്ങളെ ഭയമായിരിക്കും. അവയെയും ഹരിതസസ്യങ്ങളെയും എല്ലാം ഞാൻ നിങ്ങളെ ഏൽപിച്ചിരിക്കുന്നു.’

പിന്നീട് നോഹിനോടും സകല ജീവജാലങ്ങളോടുമായി ദൈവം ഒരുടമ്പടി ചെയ്തു. ബൈബിളിൽ അത് ഇങ്ങനെ:

“നോഹയോടും പുത്രന്മാരോടും ദൈവം വീണ്ടും അരുളിച്ചെയ്തു: നിങ്ങളോടും നിങ്ങളുടെ സന്തതികളോടും ഞാനിതാ ഒരുടമ്പടി ചെയ്യുന്നു. അതോടൊപ്പം നിന്റെ കൂടെ പെട്ടകത്തിൽനിന്ന് പുറത്തുവന്ന ജീവനുള്ള സകലതിനോടും -പക്ഷികൾ, കന്നുകാലികൾ, കാട്ടുജ

ന്തുക്കൾ എന്നിവയോടും– നിങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാൻ ഉറപ്പിക്കുന്നു. ഇനിയൊരിക്കലും വെള്ളപ്പൊക്കം കൊണ്ട് ജീവജാലങ്ങളെല്ലാം നശിക്കാൻ ഇടവരുകയില്ല. ഭൂമിയെ നശിപ്പിക്കാൻ ഇനിയൊരു വെള്ളപ്പൊക്കമുണ്ടാവില്ല. ദൈവം തുടർന്നരുളിച്ചെയ്തു. എല്ലാ തലമുറകൾക്കും വേണ്ടി നിങ്ങളും സകല ജീവജാലങ്ങളുമായി ഞാൻ സ്ഥാപിക്കുന്ന എന്റെ ഉടമ്പടിയുടെ അടയാളം ഇതാണ്: ഭൂമിയുമായുള്ള ഉടമ്പടിയുടെ അടയാളമായി മേഘങ്ങളിൽ എന്റെ വില്ല് ഞാൻ സ്ഥാപിക്കുന്നു. ഞാൻ ഭൂമിക്കുമേലെ മേഘത്തെ അയക്കുമ്പോൾ അതിൽ മഴവില്ല് പ്രത്യക്ഷപ്പെടും. നിങ്ങളും സർവജീവജാലങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാനോർക്കും. സർവജീവനെയും നശിപ്പിക്കാൻ പോരുന്ന ഒരു ജലപ്രളയം ഇനിയൊരിക്കലും ഉണ്ടാകയില്ല. മേഘങ്ങളിൽ മഴവില്ല് തെളിയുമ്പോൾ ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളുമായി ചെയ്ത എന്നേക്കുമുള്ള ഉടമ്പടി ഞാനോർക്കും. ദൈവം നോഹയോടരുളിച്ചെയ്തു: ഭൂമുഖത്തുള്ള സകല ജീവികളുമായി ഞാൻ സ്ഥാപിക്കുന്ന ഉടമ്പടിയുടെ അടയാളം ഇതായിരിക്കും" (ഉൽപത്തി 9: 8–17).

പ്രളയത്തിനുശേഷം 350 വർഷം കൂടി ജീവിച്ച നോഹിന് 950 വയസ്സുള്ളപ്പോഴായിരുന്നു മരണം.

നോഹ് നിർമിച്ച കപ്പലിന്റെ നീളം, വീതി, അതിനുപയോഗിച്ച മരം, പ്രളയത്തിന്റെ കാഠിന്യം മുതലായവ വിശദമായി വിവരിക്കുന്ന ബൈബിളിൽ ദീർഘമായ ജീവിതകാലത്ത് ജനങ്ങൾക്കുവേണ്ടി ഒരു പ്രവാചകൻ എന്ന നിലയിൽ അദ്ദേഹം കൊടുത്ത ഉപദേശങ്ങളെയോ പഠിപ്പിച്ച സന്ദേശങ്ങളെയോ പറ്റി വളരെ കുറച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. എന്നാൽ ഖുർആനിൽ ഒരു ചരിത്രസംഭവമെന്ന നിലയിൽ വെള്ളപ്പൊക്കം വിവരിക്കുന്നതിനേക്കാൾ ഒരു പ്രവാചകനെന്ന നിലയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾക്കും അറിയിച്ച സന്ദേശങ്ങൾക്കുമാണ് പ്രാധാന്യം കൊടുക്കുന്നത്.

അല്ലാഹുവിന്റെ നാമത്തിൽ അവർ കപ്പലിൽ കയറുന്നതും ഇറങ്ങുന്നതും ഖുർആൻ എടുത്തു പറയുന്നു. ആപത്തൊന്നും കൂടാതെ ഇറങ്ങാൻ കഴിഞ്ഞതിൽ അല്ലാഹുവിന് നന്ദിയും സ്തുതിയും അർപ്പിക്കുന്നു. ബൈബിളിൽ ഈവക വിനയപ്രകടനമോ ദൈവഭയമോ കാണുന്നില്ല. ഒരു ചരിത്രപുസ്തകത്തിലെന്നപോലെ നിസ്സംഗമായ വിവരണങ്ങളേ അതിൽ കാണാൻ കഴിയൂ. ജലപ്രളയവിവരണം ഖുർആനിൽ ഇങ്ങനെ:

"നൂഹിന് ദിവ്യസന്ദേശം ലഭിച്ചു: നിന്റെ ജനതയിൽ ഇതുവരെ വിശ്വസിച്ചു കഴിഞ്ഞവരല്ലാതെ ഇനിയാരും വിശ്വസിക്കുകയില്ല. അതിനാൽ അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് നീ സങ്കടപ്പെടേണ്ടതില്ല. നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ നിർദേശമനുസരിച്ചും നീ കപ്പലുണ്ടാക്കുക. അക്രമം കാണിച്ചവരുടെ കാര്യത്തിൽ നിയെന്നോടൊന്നും പറയരുത്. അവർ മുങ്ങിച്ചാവുകതന്നെ ചെയ്യും.

അദ്ദേഹം കപ്പലുണ്ടാക്കാൻ തുടങ്ങി. ആ ജനതയിലെ പ്രമാണിക്കൂട്ടം അദ്ദേഹത്തിനരികിലൂടെ നടന്നുപോയപ്പോഴെല്ലാം അദ്ദേഹത്തെ പരിഹസിച്ചു. അദ്ദേഹം പറഞ്ഞു: 'ഇപ്പോൾ നിങ്ങൾ ഞങ്ങളെ പരിഹസിക്കുന്നു. ഒരുനാൾ നിങ്ങൾ പരിഹസിക്കുന്ന പോലെ ഞങ്ങൾ നിങ്ങളെയും പരിഹസിക്കും.

അപമാനകരമായ ശിക്ഷ ആർക്കാണ് വന്നെത്തുകയെന്നും സ്ഥിരമായ ശിക്ഷ ആരുടെ മേലാണ് വന്നു പതിക്കുകയെന്നും നിങ്ങൾ വൈകാതെ അറിയും.'

അങ്ങനെ നമ്മുടെ വിധി വന്നു. അടുപ്പിൽ ഉറവ പൊട്ടി. അപ്പോൾ നാം പറഞ്ഞു: 'എല്ലാ ജന്തുവർഗത്തിൽനിന്നും ഈ രണ്ടു ഇണകളെ അതിൽ കയറ്റുക. നിന്റെ കുടുംബത്തെയും. നേരത്തേ തീരുമാന പ്രഖ്യാപനം ഉണ്ടായവരൊഴികെ, വിശ്വസിച്ചവരെയും കയറ്റുക.' വളരെ കുറച്ചു പേരല്ലാതെ അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരായി ഉണ്ടായിരുന്നില്ല.

അദ്ദേഹം പറഞ്ഞു: 'നിങ്ങളതിൽ കയറുക. അതിന്റെ നീക്കവും നിൽപുമെല്ലാം അല്ലാഹുവിന്റെ നാമത്തിലാണ്. എന്റെ നാഥൻ ഏറെ പൊറുക്കുന്നവനും പരമദയാലുവുമാണ്.'

പർവതങ്ങൾ പോലുള്ള തിരമാലകൾക്കിടയിലൂടെ അത് അവരെയും കൊണ്ട് സഞ്ചരിക്കുകയായിരുന്നു. നൂഹ് തന്റെ മകനെ വിളിച്ചു – അവൻ വളരെ ദൂരെയായിരുന്നു – 'എന്റെ കുഞ്ഞുമോനേ, നീ ഞങ്ങളുടെ കൂടെ ഇതിൽ കയറുക. നീ സത്യനിഷധികളോടൊപ്പമാകരുതേ.'

അവൻ പറഞ്ഞു: 'ഞാനൊരു മലയിൽ അഭയം തേടിക്കൊള്ളാം. അതെന്നെ വെള്ളപ്പൊക്കത്തിൽനിന്ന് രക്ഷിച്ചുകൊള്ളും.' നൂഹ് പറഞ്ഞു: 'ഇന്ന് ദൈവവിധിയിൽനിന്ന് രക്ഷിക്കുന്ന ഒന്നുമില്ല. അവൻ കരുണ കാണിക്കുന്നവരൊഴികെ.' അപ്പോഴേക്കും അവർക്കിടയിൽ തിരമാല മറയിട്ടു. അങ്ങനെ അവൻ മുങ്ങിമരിച്ചു.

അപ്പോൾ കൽപനയുണ്ടായി: ഓ ഭൂമീ, നിന്നിലെ വെള്ളമൊക്കെ നീ കുടിച്ചുതീർക്കൂ. ആകാശമേ മഴ നിർത്തൂ.' വെള്ളം വറ്റുകയും കൽപന നടപ്പാവുകയും ചെയ്തു. കപ്പൽ പർവതത്തിന്മേൽ ചെന്നു നിന്നു. അപ്പോൾ ഇങ്ങനെ അരുളപ്പാടുണ്ടായി. 'അക്രമികളായ ജനതക്കു നാശം!'

നൂഹ് തന്റെ നാഥനെ വിളിച്ചു പറഞ്ഞു: 'നാഥാ! എന്റെ മകൻ എന്റെ കുടുംബത്തിൽപെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യവുമാണ്. നീയോ വിധികർത്താക്കളിൽ ഏറ്റവും നന്നായി വിധികൽപിക്കുന്നവനും.'

അല്ലാഹു പറഞ്ഞു: 'നൂഹേ, നിശ്ചയമായും അവൻ നിന്റെ കുടുംബത്തിൽപെട്ടവനല്ല, അവൻ ദുർവൃത്തിയാകുന്നു. അതിനാൽ യാഥാർഥ്യം എന്തെന്ന് നിനക്കറിയാത്ത കാര്യം നീ എന്നോടാവശ്യപ്പെടരുത്. അവിവേകികളിൽ പെടരുതെന്ന് ഞാനിതാ നിന്നെ ഉപദേശിക്കുന്നു.' നൂഹ് പറഞ്ഞു: 'എന്റെ നാഥാ, എനിക്കറിയാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽനിന്ന് ഞാനിതാ നിന്നിലഭയം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ നഷ്ടപ്പെട്ടവനായിത്തീരും.'

അദ്ദേഹത്തോട് പറഞ്ഞു: 'നൂഹേ, നീ കരക്കിറങ്ങുക, നമ്മിൽനിന്നുള്ള സമാധാനം നിനക്കുണ്ട്. നിനക്കും നിന്നോടൊപ്പമുള്ള ചില സമൂഹങ്ങൾക്കും നമ്മുടെ അനുഗ്രഹമുണ്ട്. എന്നാൽ മറ്റു ചില സമൂഹങ്ങളുമുണ്ട്. അവർക്ക് നാം താൽക്കാലിക ജീവിതസുഖം നൽകും. പിന്നെ നമ്മിൽനിന്നുള്ള നോവേറിയ ശിക്ഷ അവരെ ബാധിക്കുകയും ചെയ്യും' (11: 36–48).

പിതാവിന്റെ വാക്കു കേൾക്കാതെ കുടുംബത്തിൽനിന്ന് ഭിന്നിച്ചുപോയി ജീവൻ നഷ്ടപ്പെടുത്തിയ പ്രവാചക പുത്രനെപ്പറ്റി ബൈബിളിൽ വിവരണമില്ല.

(തുടരും)